**സംയോജിത ശിശു സംരക്ഷണ പദ്ധതി : കേരളം**
**സ്റ്റേറ്റ് ചൈൽഡ് പ്രൊട്ടക്ഷൻ സൊസൈറ്റി മെമ്പർ സെക്രട്ടറിയുടെ നടപടി ക്രമങ്ങൾ**
(ഹാജർ ശ്രീമതി.അദീല അബ്ദുള്ള IAS മെമ്പർ സെക്രട്ടറി (SCPS)വനിതശിശുവികസന ഡയറക്ടർ)

വിഷയം: - വനിതശിശുവികസന വകുപ്പ് - ICPS - 2021-2022- കിൻഷിപ്പ് ഫോസ്റ്റർ കെയർ പദ്ധതിയിൽ ഉൾപ്പെട്ട കുട്ടികൾക്ക് ആദ്യ ഗഡു വായി തുക അനുവദിച്ച് ഉത്തരവാകുന്നു

പരാമർശം:- 1. 23.07.2021 ലെ G.O(Rt) No.489/2021/SJD നമ്പർ സർക്കാർ ഉത്തരവ്
2. ജില്ലാ ശിശു സംരക്ഷണ ഓഫീസർമാരുടെ കത്തുകൾ

**ഉത്തരവ് നമ്പർ- ICPS-3/1752/2021 തീയതി: 30/09/2021**

ജില്ലകളിൽ ചൈൽഡ് വെൽഫയർ കമ്മിറ്റി മുമ്പാകെ എത്തപ്പെടുന്ന കുട്ടികളെ കിൻഷിപ്പ് ഫോസ്റ്റർ പദ്ധതിയുടെ ഭാഗമാക്കി പുനരധിവസിപ്പിക്കുന്നതിനായി ജില്ലയിൽ നിന്നും ലഭ്യമായ വിവരങ്ങളുടെ അടിസ്ഥാനത്തിൽ ഒരു കുട്ടിയ്ക്ക് 2000/- രൂപ നിരക്കിൽ ആകെ 31,86,000/- രൂപ അനുവദിച്ച് മേൽ പരാമർശ പ്രകാരം ഭരണാനുമതി നൽകി സർക്കാർ ഉത്തരവായിട്ടുണ്ട്.

ടി സാഹചര്യത്തിൽ പരാമർശം (2) പ്രകാരം ജില്ലാ ശിശു സംരക്ഷണ ഓഫീസർമാർ ലഭ്യമാക്കിയ കുട്ടികളുടെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ ഒരു കുട്ടിക്ക് 2000/- രൂപ നിരക്കിൽ ആദ്യ ഗഡുവായി ചുവടെ ചേർക്കും പ്രകാരം തുക അനുവദിക്കേണ്ടതുണ്ട്.

| ക്രമനമ്പർ | ജില്ല | കുട്ടികളുടെ എണ്ണം | ആദ്യ ഗഡുവായി അനുവദിക്കേണ്ട തുക |
|---|---|---|---|
| 1 | തിരുവനന്തപുരം | 20 | 2,40,000/- |
| 2 | കൊല്ലം | 3 | 36000/- |
| 3 | പത്തനംതിട്ട | 4 | 48000/- |
| 4 | ആലപ്പുഴ | 6 | 72000/- |
| 5 | കോട്ടയം | 2 | 24000/- |
| 6 | ഇടുക്കി | 25 | 60,000/- |
| 7 | എറണാകുളം | 13 | 1,56,000/- |
| 8 | തൃശ്ശൂർ | 20 | 2,40,000/- |
| 9 | പാലക്കാട് | 7 | 84000/- |
| 10 | കോഴിക്കോട് | 5 | 60,000/- |
| 11 | മലപ്പുറം | 15 | 1,80,000/- |
| 12 | വയനാട് | 16 | 1,92,000/- |
| 13 | കണ്ണൂർ | 1 | 12000/- |
| 14 | കാസർഗോഡ് | 6 | 72000/- |
| ആകെ | | **143** | **14,76,000/-** |

മേൽ പട്ടിക പ്രകാരം കിൻഷിപ്പ് ഫോസ്റ്റർ കെയർ പദ്ധതിയ്ക്കായി ആദ്യ ഗഡുവായി 14,76,000/- രൂപ (പതിനാല് ലക്ഷത്തി എഴപത്തി ആറായിരം രൂപ മാത്രം) ഐ.സി.പി.എസിന്റെ നൂതന പദ്ധതികൾക്കുള്ള ശീർഷകമായ ***2235-02-102-36(P) 02 ൽ*** നിന്നും അതാത് ജില്ലാ വനിത ശിശു വികസന ഓഫീസറുടെ പേരിൽ അലോട്ട്മെന്റായി നൽകേണ്ടതും ജില്ലാ ശിശു വികസന ഓഫീസർ പ്രസ്തുത തുക ബന്ധപ്പെട്ട ജില്ലാ ശിശു സംരക്ഷണ ഓഫീസർക്ക് അലോട്ട്മെന്റായി നൽകേണ്ടതുമാണ്.

ടി തുകയുടെ എക്സ്പെൻഡിച്ചർ സ്റ്റേററ്മെന്റ്, ധനവിനിയോഗ സർട്ടിഫിക്കററ് തുടങ്ങിയവ അതാത് ജില്ലാ ശിശു സംരക്ഷണ ഓഫീസർ ടി കാര്യാലയത്തിൽ സമർപ്പിക്കേണ്ടതാണ്. കൂടാതെ കിൻഷിപ്പ് ഫോസ്റ്റർ കെയർ പദ്ധതിയ്ക്കായി ആദ്യ ഗഡു വായി അനുവദിച്ച തുകയ്ക്ക് പുറമെ 2022 മാർച്ച് മാസം വരെ ഇനി എത്ര തുക കൂടി അധികമായി ആവശ്യമാണെന്ന വിവരം കൂടി അടിയന്തിരമായി ഈ കാര്യാലയത്തിൽ ലഭ്യമാക്കേണ്ടതാണ്.

(ഒപ്പ്)

**വനിത ശിശുവികസന ഡയറക്ടർ &**
**മെമ്പർ സെക്രട്ടറി (SCPS)**

പകർപ്പ്പകർപ്പ്

1. എല്ലാ ജില്ലാ വനിത ശിശു വികസന ഓഫീസർ
2. എല്ലാ ജില്ലാ ശിശു സംരക്ഷണ ഓഫീസർ.
3. സൂപ്രണ്ട് എ.സെക്ഷൻ, വനിത ശിശു വികസന ഡയറക്ടറേററ്.
4. ICPS 4
5. സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം

സൂപ്രണ്ട്

OFFICE OF THE INTEGRATED CHILD PROTECTION SCHEME
THIRUVANANTHAPURAM 12
WOMEN & CHILD DEVELOPMENT DEPARTMENT